**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4675** **19-07-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ മത്സ്യ മാർക്കറ്റുകൾ ആധുനികീകരിയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ ഏതെല്ലാം മത്സ്യ മാർക്കറ്റുകളാണ് ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ നിലവിൽ മത്സ്യ മാർക്കറ്റുകളൊന്നും ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടില്ല. |
| (ബി) | പട്ടാമ്പി നിയോജക മണ്ഡലത്തിലെ മത്സ്യ മാർക്കറ്റ് ആധുനിക മത്സ്യ മാർക്കറ്റുകളായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടാമ്പി മത്സ്യമാർക്കറ്റ് ആധുനികവൽക്കരിച്ചതാണ് . 237.82 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൽ 200 ലക്ഷം രൂപ (90%) എൻ.എ.ഫ്ഡി.ബി ധനസഹായവും 37.82 ലക്ഷം രൂപ (10%) സംസ്ഥാന സർക്കാർ വിഹിതവുമാണ്. ഇതിൻപ്രകാരം ടി മത്സ്യമാർക്കറ്റ് നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പൂർത്തീകരിച്ച് 31/03/2016 ൽ പട്ടാമ്പി മുനിസിപ്പാലിറ്റിക്ക് കൈമാറിയിരുന്നു. |
| (സി) | 2022- 2023ലെ ബഡ്ജറ്റിൽ ഇത്തരത്തിലെ ചെലവുകൾക്കായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയതെന്ന് വ്യക്തമാക്കുമോ? | (സി) | 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മത്സ്യമാർക്കറ്റ്/മാർട്ട് എന്നിവയുടെ നിർമ്മാണത്തിന് ഒരു കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ